KERALA POLICE INFORMATION CENTRE
Ph: 0471 2318188 Email: *info.pol@kerala.gov.in*

No.03/PR/PIC/PHQ/17 Date : 07.01.2017

---

## സ്ത്രീസുരക്ഷയ്ക്ക് സ്ഥിരം പരിശീലന കേന്ദ്രങ്ങൾ വരുന്നു

പിങ്ക് പട്രോൾ സംവിധാനത്തിനും പിങ്ക് ഫൂട്ട് ബീറ്റിനും പുറമെ സ്ത്രീസുരക്ഷ ശക്തമാക്കാൻ കേരള പോലീസിന്റെ സ്വയം പ്രതിരോധ പരിശീലന കേന്ദ്രങ്ങളും. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സ്ത്രീകൾക്ക് സ്വയംരക്ഷ പരിശീലനത്തിനുള്ള സ്ഥിരം കേന്ദ്രങ്ങളാണ് നിലവിൽവരുന്നത്. വിവിധ അതിക്രമ സന്ദർഭങ്ങളെ ആത്മവിശ്വാസത്തോടെ നേരിടാനും ആവശ്യമെങ്കിൽ പ്രതിരോധിക്കാനും സ്ത്രീകളെ പ്രാപ്തരാക്കുന്നതിനുള്ള ബോധവത്കരണ പരിപാടികൾ, ലഘുവായ കായിക പ്രതിരോധവിദ്യകൾ എന്നിവ ഈ കേന്ദ്രങ്ങളിൽ നൽകും. ഒരു ജില്ലയ്ക്ക് മൂന്നുലക്ഷം രൂപ വീതം ചെലവഴിച്ച് 18 പോലീസ് ജില്ലകളിലാണ് ഇത് നിലവിൽവരുന്നത്. ഇതിനുപുറമെ സംസ്ഥാനതലപരിശീലന കേന്ദ്രം തിരുവനന്തപുരത്തും നിലവിൽവരും. ഫെബ്രുവരി അവസാനത്തോടെ ഇവയുടെ പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബഹ്റ അറിയിച്ചു. കേരള പോലീസ് നടപ്പാക്കിവരുന്ന സ്വയംപ്രതിരോധ പരിശീലന പരിപാടിയുടെ തുടർച്ചയായാണ് സ്ഥിരം പരിശീലന കേന്ദ്രങ്ങൾ വരുന്നത്.

ഇതിനുപുറമെ എല്ലാ ജില്ലകളിലും സ്കൂൾ, കോളേജ്, ഓഫീസ് കോംപ്ലക്സ്, റസിഡന്റ്സ് അസോസിയേഷനുകൾ എന്നിവ കേന്ദ്രീകരിച്ചുള്ള പരിശീലനങ്ങളും ആവിഷ്കരിച്ചിട്ടുണ്ട്. ഇതിനായി സംസ്ഥാനത്താകെ 500 ഓളം വനിതാ പോലീസുകാർക്ക് മാസ്റ്റർ ട്രെയിനർ പരിശീലനം നൽകികഴിഞ്ഞു. പരിശീലനത്തിനുവേണ്ടിയുള്ള കൈപുസ്തകം, സി.ഡി. എന്നിവയും തയ്യാറായിട്ടുണ്ട്.

ബസ്സിലും ട്രെയിനിലുമുള്ള ശല്യപ്പെടുത്തലുകൾ, മാല പിടിച്ചു പറിക്കൽ, ബാഗ് തട്ടിപ്പറിക്കൽ, ലിഫ്റ്റിനുള്ളിലെ അതിക്രമം, എ.ടി.എമ്മിനുള്ളിലെ ആക്രമണം, ആസിഡ് ആക്രമണം വിവിധതരം ലൈംഗികാതിക്രമങ്ങൾ, ഗാർഹികാതക്രമങ്ങൾ എന്നിവയിൽ നിന്നു രക്ഷപ്പെടാനുള്ള ലളിതമായ കായിക പ്രതിരോധവിദ്യകളാണ് കേരള പോലീസിന്റെ സ്വയംരക്ഷാ പരിശീലന പദ്ധതിയിലുള്ളത്. കരാട്ടെ, കളരി തുടങ്ങിയ കായികവിദ്യകളെ അപേക്ഷിച്ച് വളരെ ലളിതമായതും കുറഞ്ഞ സമയംകൊണ്ട് ഹൃദിസ്ഥമാക്കാവുന്നതുമായ അഭ്യാസമുറയാണ് കേരള പോലീസ് തയ്യാറാക്കിയിരിക്കുന്നത്. 60 മണിക്കൂറുള്ള സിലബസാണ് പരിശീലന കേന്ദ്രങ്ങൾക്കായി തയ്യാറാക്കിയിരിക്കുന്നത്. കായികപ്രതിരോധ വിദ്യകൾക്കൊപ്പം സ്ത്രീസംരക്ഷണ നിയമങ്ങൾ, അതിക്രമങ്ങൾ തടയാനുള്ള മുൻകരുതൽ മാർഗ്ഗങ്ങൾ, അതിക്രമങ്ങൾ തടയുന്നതിനുള്ള പോലീസ് സംവിധാനങ്ങൾ, വ്യക്തിത്വവും ആത്മവിശ്വാസവും വളർത്തുന്നതിനുള്ള മന:ശാസ്ത്ര രീതികൾ എന്നിവ സംബന്ധിച്ച ക്ലാസും ഈ പരിശീലനത്തിന്റെ ഭാഗമാണ്.

പിങ്ക് ബീറ്റ്, പിങ്ക് പട്രോൾ എന്നിവയ്ക്ക് പുറമെ സ്ത്രീസുരക്ഷ ബോധവത്കരണ പരിപാടിയും പ്രതിരോധ പരിശീലനവും വ്യാപകമായി സംഘടിപ്പിക്കുന്നതിലൂടെ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളിൽ കാര്യമായ കുറവ് ഉണ്ടാകുമെന്നു പ്രതീക്ഷിക്കുന്നതായി സംസ്ഥാന പോലീസ് മേധാവി അറിയിച്ചു.

*******

**ഫോട്ടോ ക്യാപ്ഷൻ:** ഇക്കഴിഞ്ഞ ഇന്ത്യ ഇന്റർനാഷണൽ ട്രേഡ്ഫെയറിൽ കേരള പോലീസ് ടീമംഗങ്ങൾ സ്വയംരക്ഷാ പരിശീലനം നൽകുന്നു (ഫയൽചിത്രം)


Visiting Kerala ?
Download
Kerala Police Mobile App
POLICE
APP


KERALA POLICE
SAFETY FOR TECHNOLOGY
TECHNOLOGY FOR SAFETY
KERALA POLICE
Download